# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6465 — 01.11.2011-ൽ മറുപടിക്ക്

## ആരോഗ്യ ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>,, കെ.ശിവദാസൻ നായർ :<br>,, അൻവർ സാദത്ത് :<br>,, വി.റ്റി.ബൽറാം : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പമന്ത്രി) |
| (എ) ആരോഗ്യബോധവൽക്കരണങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും സംസ്ഥാനത്തെ പിന്നോക്ക/മലയോര ജില്ലകളിൽ കാര്യക്ഷമമായി നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ആരോഗ്യബോധവൽക്കരണങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും സംസ്ഥാനത്തെ പിന്നോക്ക/മലയോര ജില്ലകളടക്കമുള്ള എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടത്തിവരുന്നു. |
| (ബി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; | (ബി) സംസ്ഥാനത്തെ പിന്നോക്ക/മലയോര ജില്ലകളടക്കമുള്ള എല്ലാ ജില്ലകളിലും ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ആശ പ്രവർത്തകരുടെ സഹായത്തോടെ ബിറ്റ് നോട്ടീസ് വിതരണം വീട്ടുവീടാന്തരം നടത്തി ജനങ്ങളിൽ ആരോഗ്യബോധവൽക്കരണം ഊർജ്ജിതമായി നടത്തിവരുന്നു. ടി പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്കായി കൊതുക്, കൂത്താടി ഉറവിട നശീകരണം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, പരിസര ശുചീകരണം എന്നിവ നടത്തുകയും ജനങ്ങളിൽ ആരോഗ്യ ബോധവൽക്കരണം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>ജില്ലകളിലെ പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങളിലെ ഫീൽഡ് വിഭാഗം ജീവനക്കാർ, ആശ പ്രവർത്തകർ, അംഗൻവാടി ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഏകോപിപ്പിച്ച് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ വാർഡ് തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും വാർഡ് സാനിറ്റേഷൻ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ വീട് വീടാന്തരം സന്ദർശിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ദുർഘടമായ മലയോര പ്രദേശങ്ങളിൽ ട്രൈബൽ മൊബൈൽ ഹെൽത്ത് യൂണിറ്റിന്റെയും, |

| | |
|---|---|
| | സാമൂഹ്യക്ഷേമ വകുപ്പിന്റെയും സഹായത്തോടെ ഫീൽഡ് വിഭാഗം ജീവനക്കാർ രോഗ പ്രതിരോധ ക്യാമ്പുകളും രോഗപ്രതിരോധ കുത്തിവെയ്പുകളും, മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണവും നടത്തി വരുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുവാനും, ഏകോപിപ്പിക്കുവാനും സംസ്ഥാന ജില്ലാതലത്തിൽ മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. |
| (സി) ഇടുക്കി, വയനാട് ജില്ലകളിൽ കൂടുതൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ ? | (സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ